(1) നെല്ലും മീനും പദ്ധതി - 1 ഹെക്ടറിന് 1,48,680 രൂപ

(2) കുട്ടുകളിലെ കരിമീൻ കൃഷി - ഒരു ഗ്രൂപ്പിന് 8 ലക്ഷം രൂപ

(3) വലവളപ്പുകളിലെ കൃഷി - ഒരു ഗ്രൂപ്പിന് 5 യൂണിറ്റുകളുടെ ആനുകൂല്യം (90,000 രൂപ)

(4) കരിമീൻ വിത്തുല്പാദന യൂണിറ്റുകൾ - ഒരു യൂണിറ്റിന് 10,000 രൂപ

കൂടാതെ കോൾ നിലങ്ങളിലെ ഒരു നെല്ലും ഒരു മീനും പദ്ധതിക്ക് പാടശേഖര സമിതികൾക്ക് നേഴ്സറി ബണ്ട് നിർമ്മാണത്തിന് (60%) മത്സ്യആറ്റുകൊഞ്ച് വിത്തുകൾക്ക് (100%) കളം ഒരുക്കലിനും മത്സ്യതീറ്റയ്ക്കും (75%) സബ്സിഡി നൽകിവരുന്നു. മത്സ്യകർഷക വികസന ഏജൻസി വഴിയായി മത്സ്യ കർഷകർക്കായി മത്സ്യക്കുളം നിർമ്മാണം, മത്സ്യത്തീറ്റ, മത്സ്യക്കുളം പുനഃരുദ്ധാരണം എന്നിവയ്ക്കുള്ള സബ്സിഡി വിതരണം ചെയ്യുവരുന്നു. മത്സ്യക്കുളം നിർമ്മാണത്തിന് സെന്റൊന്നിന് 368 രൂപയും മത്സ്യത്തീറ്റയ്ക്ക് സെന്റൊന്നിന് 40 രൂപയും മത്സ്യക്കുളം പുനഃരുദ്ധാരണത്തിന് സെന്റൊന്നിന് 60 രൂപയും സബ്സിഡിയായി നൽകിവരുന്നു.

(ഡി) കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന മത്സ്യത്തൊഴിലാളികൾക്കും മത്സ്യത്തൊഴിലാളി വിധവകൾക്കും അനുബന്ധ തൊഴിലാളികൾക്കുമാണ് പെൻഷൻ നൽകിവരുന്നത്. മത്സ്യകർഷകർക്ക് നിലവിൽ പെൻഷൻ നൽകിവരുന്നില്ല. മത്സ്യകർഷകർക്ക് പെൻഷൻ അനുവദിക്കുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

കടലിൽ പോയി മരിക്കുന്നവരുടെ കുടുംബങ്ങൾക്കുള്ള നഷ്ടപരിഹാരം

178 (2005) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിൽ പോയി മരിക്കുന്നവരുടെ കുടുംബങ്ങൾക്ക് എത്ര തുകയാണ് നഷ്ടപരിഹാരമായി നൽകുന്നതെന്നും അതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(ബി) മരിച്ചയാളുടെ ശവശരീരം കിട്ടിയിട്ടില്ലെങ്കിൽ ആ കുടുംബത്തിന് നഷ്ടപരിഹാരം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത നിബന്ധനകൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കടലിൽപ്പോയി അപകടംമൂലം മരണപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് (ആശ്രിതർക്ക്) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന താഴെപ്പറയുന്ന രണ്ട് പദ്ധതികൾ പ്രകാരം ധനസഹായം നൽകിവരുന്നു:

1. ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി :

പദ്ധതി പ്രകാരം അപകടമരണത്തിനും മത്സ്യബന്ധനത്തിനിടയിൽ കാണാതാകുന്നവരുടെ ആശ്രിതർക്കും സ്ഥിരവും പൂർണ്ണവുമായ അവശതയ്ക്കും 5,00,000 രൂപയും സ്ഥിരവും ഭാഗികവുമായ അവശതയ്ക്ക് 2,50,000 രൂപയും മരണാനന്തര ശവസംസ്കാര ചടങ്ങിന് പരമാവധി 2000 രൂപയും രണ്ട് കുട്ടികളുടെ വിദ്യാഭ്യാസ ചെലവിനായി പരമാവധി 10,000 രൂപയും അപകടംമൂലം 24 മണിക്കൂറിലധികം ആശുപത്രിയിൽ കിടത്തി ചികിൽസ വേണ്ടിവരുന്നവർക്ക് ചികിത്സാ ചെലവിനായി പരമാവധി 25,000 രൂപയും ധനസഹായമായി നൽകിവരുന്നു. പ്രസ്തുത പദ്ധതിപ്രകാരം ധനസഹായം ലഭിയ്ക്കുന്നതിന് താഴെപ്പറയുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്:

1) നിശ്ചിത മാതൃകയിലുള്ള അപേക്ഷ ഫോറം.
2) ഏഴ് ദിവസത്തിനുള്ളിൽ ഇൻഷ്വറൻസ് കമ്പനിക്ക് ഫിഷറീസ് ഓഫീസർ സമർപ്പിക്കുന്ന പ്രാഥമിക റിപ്പോർട്ട്.
3) ഒറിജിനൽ മരണ സർട്ടിഫിക്കറ്റ്.
4) ഫിഷറീസ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ട്.
5) റീജിയണൽ എക്സിക്യൂട്ടീവിന്റെ അന്വേഷണ റിപ്പോർട്ട്.
6) എഫ്.ഐ.ആർ.-ന്റെ കോപ്പി.
7) പോസ്റ്റ്മോർട്ടം റിപ്പോർട്ട്.
8) പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ കെമിക്കൽ അനാലിസിസ് റിപ്പോർട്ട്.
9) പോലീസിന്റെ ഫൈനൽ റിപ്പോർട്ട്.

2. ആം ആദ്മി ബീമ യോജന പദ്ധതി :

ആം ആദ്മി ബീമ യോജന പദ്ധതിപ്രകാരം അപകടംമൂലം മരണമടയുന്നവർക്ക് 75,000 രൂപ നഷ്ടപരിഹാരം നൽകുന്നു. പ്രസ്തുത പദ്ധതിപ്രകാരം ധനസഹായം ലഭിക്കുന്നതിന് താഴെപ്പറയുന്ന സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതാണ്:

(1) നിശ്ചിത മാതൃകയിലുള്ള അപേക്ഷാഫോറം

(2) ഒറിജിനൽ മരണ സർട്ടിഫിക്കറ്റ്

(ബി) കടലിൽ മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴിലാളികൾ അപകടത്തിൽ മരിച്ചാൽ മൃതദേഹം കണ്ടുകിട്ടിയില്ലെങ്കിൽ ഏഴ് വർഷം കഴിഞ്ഞ് മാത്രമാണ് അവരുടെ അവകാശികൾക്ക് ധനസഹായം നൽകിവന്നിരുന്നത്. ടി കാലതാമസം ഒഴിവാക്കുന്നതിനായി റവന്യൂ വകുപ്പ് 10-11-2014 തീയതിയിൽ പുറപ്പെടുവിച്ച 56020/ടി2/2014/റ.വ. നമ്പർ സർക്കുലർ പ്രകാരം, കടലിൽ മത്സ്യബന്ധത്തിനിടെ മത്സ്യത്തൊഴിലാളി അപകടംമൂലം കാണാതാവുമ്പോൾ പോലീസ് സ്റ്റേഷനിൽ ഫയൽ ചെയ്യുന്ന കേസ് പോലീസ് അന്വേഷിച്ച് നോൺ ട്രെയ്സബിൽ ആണെന്ന റിപ്പോർട്ടിന്റെയും വില്ലേജ് ഓഫീസറുടെ അന്വേഷണത്തിന്റെ അടിസ്ഥാനത്തിലും കളക്ടർ/ആർ.ഡി.ഒ.-യ്ക്ക് 'ആളെ കാൺമാനില്ല' എന്ന സർട്ടിഫിക്കറ്റ് നൽകുന്നതിന് എല്ലാ ജില്ലാ കളക്ടർമാർക്കും റവന്യൂ വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കുടുംബാംഗങ്ങളിൽ നിന്നും ഇൻഡമിനിറ്റി ബോണ്ട് എഴുതിവാങ്ങി കാലതാമസം കൂടാതെ ധനസഹായം നൽകിവരുന്നു.

തവനൂർ മണ്ഡലത്തിലെ മത്സ്യഗ്രാമം പദ്ധതി

179 (2006) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി തവനൂർ മണ്ഡലത്തിലെ മംഗലം പഞ്ചായത്തിൽ പ്രവൃത്തി നടത്താൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളത് എന്ന് തുക സഹിതം വിശദമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും, പ്രവൃത്തി എന്നത്തേക്ക് തുടങ്ങാൻ സാധിക്കുമെന്നും എന്ന് പൂർത്തിയാക്കാനും കഴിയുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2014-15 സാമ്പത്തികവർഷത്തിൽ സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി തവനൂർ മണ്ഡലത്തിലെ മംഗലം പഞ്ചായത്തിലെ കൂട്ടായി മത്സ്യഗ്രാമത്തിൽ 1.98 കോടി രൂപയുടെ പദ്ധതികൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻമുഖേന നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

GPM. 2/240/2020-33

LIBRARY ARCHIVES Kerala Legislative Assembly